**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6768** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂമിപതിച്ചു നൽകുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ ചാലക്കുടി താലൂക്കിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വരന്തരപ്പിള്ളി വില്ലേജിൽ സർവ്വേ നമ്പർ 360 ൽ ഉൾപ്പെടുന്നതും ബി.ടി.ആർ. പ്രകാരം കന്നുകാലി മേച്ചിൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി, ശ്രീ. അശ്വിദാസ്, ശ്രീമതി ഷൈലജ എന്നിവരുടെ പേരിൽ പതിച്ചു നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ; | (എ) | തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിൽ ചാലക്കുടി താലൂക്കിൽ വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ വരന്തരപ്പിള്ളി വില്ലേജ് സർവ്വെ നമ്പർ 360-ൽ ഉൾപ്പെടുന്നതും ബി.റ്റി.ആർ രേഖകൾ പ്രകാരം കന്നുകാലി മേച്ചിൽ പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി പതിവിന് വരന്തരപ്പിള്ളി വില്ലേജിൽ അരങ്ങൻ വീട്ടിൽ അശ്വിൻ ദാസ് എന്നവരും അരങ്ങൻ ഹൗസിൽ ഷൈലജ, W/o മനോജ് എന്നവരും അർഹരാണെന്നും, സർവ്വെ നമ്പർ 360-ൽ ഉൾപ്പെടുന്നതും ബി.റ്റി.ആർ രേഖകൾ പ്രകാരം കന്നുകാലി മേച്ചിൽ പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതുമായ 0.0587 ഹെക്ടർ ഭൂമിയും 0.0202 ഹെക്ടർ ഭൂമിയും പുനർനിക്ഷിപ്തമാക്കി നൽകുന്ന മുറയ്ക്ക് ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം തദ്ദേശ സ്വയം ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ടി വകുപ്പ് പ്രസ്തുത ഭൂമി പുനർനിക്ഷിപ്തമാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ഇവർക്ക് പട്ടയം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തും, തദ്ദേശസ്വയംഭരണ വകുപ്പും ആവശ്യമായ നടപടികൾ പൂർത്തീകരിക്കുകയും, തൃശ്ശൂർ ജില്ലാ കളക്ടർ 08.08.2023 ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ശ്രീ. അശ്വിദാസ്, ശ്രീമതി ഷൈലജ എന്നിവർക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിൽ ചാലക്കുടി താലൂക്കിൽ വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ വരന്തരപ്പിള്ളി വില്ലേജ് സർവ്വെ നമ്പർ 360-ൽ ഉൾപ്പെടുന്നതും ബി.റ്റി.ആർ രേഖകൾ പ്രകാരം കന്നുകാലി മേച്ചിൽ പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി പതിവിന് വരന്തരപ്പിള്ളി വില്ലേജിൽ അരങ്ങൻ വീട്ടിൽ അശ്വിൻ ദാസ് എന്നവരും അരങ്ങൻ ഹൗസിൽ ഷൈലജ, W/o മനോജ് എന്നവരും അർഹരാണെന്നും, സർവ്വെ നമ്പർ 360-ൽ ഉൾപ്പെടുന്നതും ബി.റ്റി.ആർ രേഖകൾ പ്രകാരം കന്നുകാലി മേച്ചിൽ പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതുമായ 0.0587 ഹെക്ടർ ഭൂമിയും 0.0202 ഹെക്ടർ ഭൂമിയും പുനർനിക്ഷിപ്തമാക്കി നൽകുന്ന മുറയ്ക്ക് ഇവർക്ക് പട്ടയം നൽകുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം തദ്ദേശ സ്വയം ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ടി വകുപ്പ് പ്രസ്തുത ഭൂമി പുനർനിക്ഷിപ്തമാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ഇവർക്ക് പട്ടയം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ